**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ജീവനക്കാര്യം - ശ്രീ. ഡി.ഷാഫി പ്രസാദ്, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ , മഞ്ചേശ്വരം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ് - ശൂന്യ വേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാ) നമ്പർ.586/2017/തസ്വഭവ, തിരുവനന്തപുരം, തീയതി, 02/03/2017

---

പരാമർശം :- 1. സർക്കുലർ നം.36/94/ധനം, തീയതി. 14/06/1994.

2. ശ്രീ. ഡി.ഷാഫി പ്രസാദ്, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ, മഞ്ചേശ്വരം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ് സമർപ്പിച്ച 22.12.2014 ലെ അപേക്ഷ.

3. ഗ്രാമവികസന കമ്മീഷണറുടെ 29.09.2015, 19.11.2016 എന്നീ തീയതികളിലെ 5487/എസ്റ്റാ.സി2/2015/സിആർഡി നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

മഞ്ചേശ്വരം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ ജനറൽ എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.ഡി.ഷാഫി പ്രസാദിന് 22/12/2014 മുതൽ 25/12/2015 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധി അനുവദിക്കുന്നതു സംബന്ധിച്ച് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്ത് പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിച്ചു. ശ്രീ.ഷാഫി പ്രസാദ് 22/12/2014 മുതൽ 22/04/2015 വരെ ശൂന്യവേതനാവധിയ്ക്ക് അപേക്ഷിക്കുകയും വീണ്ടും 23.04.2015 മുതൽ 22/08/2015 വരെയും (122 ദിവസം) 23/08/2015 മുതൽ 25/12/2015 വരെയും (125 ദിവസം), പെരുമ്പാവൂർ ആയുർവേദ താലൂക്ക് ആശുപത്രി ചീഫ് മെഡിക്കൽ ഓഫീസർ അനുവദിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധിയിൽ തുടരുകയും, ടി ഡോക്ടർ 24.12.2015 ൽ നൽകിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 26/12/2015-ൽ ജോലിയിൽ പ്രവേശിക്കുകയും നിലവിൽ മഞ്ചേശ്വരം ബ്ലോക്കിൽ സേവനമനുഷ്ഠിച്ചുവരികയുമാണെന്ന് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിക്ക് അപേക്ഷിക്കുന്നവർ കൃത്യസമയത്ത് അവധി അപേക്ഷ സമർപ്പിക്കേണ്ടതും രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരം നഷ്ടപ്പെടുത്താതിരിക്കേണ്ടതുമാണ്. ശ്രീ.ഡി.ഷാഫി പ്രസാദ് 26.12..2015 ൽ അവധി കഴിഞ്ഞ് തിരികെ സേവനത്തിൽ പ്രവേശിച്ച സാഹചര്യത്തിൽ രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള

അവസരം നഷ്ടമായതിനാൽ ടിയാൾക്ക് 22/12/2014 മുതൽ 24/12/2015 വരെ ഇൻക്രിമെന്റ്, പെൻഷൻ, ഹയർഗ്രേഡ്, ആർജിതാവധി എന്നിവയ്ക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ.,ഭാഗം I, ചട്ടം.88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനാവധി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ജയശ്രീ.എം.**
**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
(ശ്രീ.ഡി.ഷാഫി പ്രസാദിന്റെ സർവ്വീസ് ബുക്ക് സഹിതം)
ശ്രീ. ഡി.ഷാഫി പ്രസാദ്, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ, മഞ്ചേശ്വരം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ് (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരള, കോഴിക്കോട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ